**Kerala Prisons & Correctional Services**

Prisons & Correctional Services Headquarters
Poojappura,
Thiruvananthapuram-12
:0471-2342532
:keralaprisons@gov.in

Dated : 30-08-2022

Office Circular No 11/2022

സർക്കുലർ

ബഹു. സുപ്രീം കോടതിയിൽ ഛത്തീസ്ഗഡ് സംസ്ഥാനത്തിനെതിരെ SONADHAR എന്ന വ്യക്തി SLP (Crl) No. 529 of 2021 ആയി ഫയൽ ചെയ്ത ഹർജിയിൽ രാജ്യത്തെ വിവിധ സംസ്ഥാനങ്ങളിലെ ജയിലുകളിൽ അകാല വിടുതലിന് പരിഗണിയ്ക്കേണ്ട തടവുകാരെ സംബന്ധിച്ചുള്ള വിവര ശേഖരണത്തിനായി സുപ്രീംകോടതിയിലെ അഡ്വക്കേറ്റ് ശ്രീ. ഗൗരവ് അഗർവാളിനെ ചുമതലപ്പെടുത്തുകയുണ്ടായി.

കേരളത്തിലെ 10 ജയിലുകളിലായി പാർപ്പിച്ചിരിക്കുന്ന ജീവപര്യന്തം തടവുകാരുടെ അകാല വിടുതലുമായി ബന്ധപ്പെട്ട് നടക്കുന്ന ജയിൽ ഉപദേശ സമിതികളുടെ യോഗം 02/06/2022 തീയതിയിൽ കണ്ണൂർ സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമിൽ കൂടിയതോടു കൂടി 2022 ലെ ഒന്നാം അർദ്ധ വാർഷിക ജയിൽ ഉപദേശക സമിതി യോഗങ്ങൾ പൂർത്തിയാകുകയും , ജയിൽ ഉപദേശക സമിതി തീരുമാനങ്ങൾ തുടർ നടപടിക്കായി സർക്കാരിൽ സമർപ്പിച്ചിരിക്കുകയുമാണ്. ആയതിൽ വനിതാ തുറന്ന ജയിൽ തിരുവനന്തപുരം, സെൻട്രൽ പ്രിസൺ ആന്റ് കറക്ഷണൽ ഹോം വിയ്യൂർ എന്നിവിടങ്ങളിൽ നിന്നും 2 അന്തേവാസികളെ സർക്കാർ ഉത്തരവിലൂടെ അകാല വിടുതൽ ചെയ്തിട്ടുണ്ട്. പുതിയതായി പ്രവർത്തനം ആരംഭിച്ച തവനൂർ സെൻട്രൽ പ്രിസൺ ആന്റ് കറക്ഷണൽ ഹോമിലെ ജയിൽ ഉപദേശക സമിതി രൂപീകരണത്തിനായി സർക്കാരിൽ പ്രൊപ്പോസൽ സമർപ്പിക്കുകയും, ആയത് സർക്കാരിന്റെ പരിഗണനയിലുമാണ്. എന്നിരുന്നാലും തവനൂർ സെൻട്രൽ ജയിൽ ഉൾപ്പെടെ മറ്റെല്ലാ ജയിലുകളിലും 2022 –ലെ രണ്ടാം അർദ്ധ വാർഷിക ജയിൽ ഉപദേശക സമിതി ചേരുന്നതിനുള്ള നടപടി ക്രമങ്ങൾ ആരംഭിക്കേണ്ടതും 2022 ഡിസംബർ 31 ന മുമ്പായി സർക്കാരിൽ സമർപ്പിയ്ക്കത്തക്കവിധത്തിൽ ക്രമീകരണം നടത്തേണ്ടതുമാണ്. ജയിൽ സൂപ്രണ്ടുമാർ ടി വിഷയം ഗൗരവമായി കാണേണ്ടതും സമയബന്ധിതമായി പ്രവർത്തനങ്ങൾ പൂർത്തീകരിയ്ക്കേണ്ടതുമാണ്. ഇതു സംബന്ധിച്ച് യാതൊരു അറിയിപ്പും ഉണ്ടായിരിക്കുന്നതല്ല .

Vinod Kumar M K
Deputy Inspector General of Prisons (HQ)
For Director General of Prisons & Correctional Services

To : സൂപ്രണ്ട്
സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോം
തിരുവനന്തപുരം/വിയ്യൂർ/കണ്ണൂർ/തവനൂർ

WP1-21501/2022/PrHQ

2c836b

തുറന്ന ജയിൽ
നെട്ടുകാൽത്തേരി/ചീമേനി
അതീവ സുരക്ഷാ ജയിൽ
വിയ്യൂർ
വനിതാ തുറന്ന ജയിൽ
തിരുവനന്തപുരം
വനിതാ ജയിൽ
തിരുവനന്തപുരം/വിയ്യൂർ/കണ്ണൂർ

Copy To : ജയിൽ വെബ്സൈറ്റ്
ഓഫീസ് കോപ്പി/കരുതൽ ഫയൽ